21. മുൻ സാമ്പത്തികവർഷം കമ്മിറ്റി മുഖേന കൈപ്പറ്റിയ മൊത്തം വേതനത്തിന്റെ 11.5 ശതമാനം നിരക്കിൽ ബോണസ് നൽകുന്നു.

22. റിട്ടയർമെന്റ്/ മരണം തുടങ്ങിയ കാരണങ്ങളാൽ കമ്മിറ്റിയുടെ സേവനത്തിൽ നിന്നും പിരിയുമ്പോൾ മൊത്തം സേവനകാലത്ത് നേടിയ വേതനത്തിന്റെ 10 ശതമാനം നിരക്കിൽ ടെർമിനൽ ബനിഫിറ്റ്.

23. സ്വന്തം പേരിലോ, ഭാര്യയുടെ പേരിലോ ഭൂമിയുള്ള തൊഴിലാളിക്ക് പുതിയ വീട് നിർമ്മിക്കുവാൻ 7500൦/- ക. വരെ ഭവന വായ്പയും. വീടിന്റെ അറ്റകുറ്റപ്പണിക്ക് പരമാവധി 35,000/- ക. വരെ വായ്പയും നൽകുന്നു. 10% സാധാരണ പലിശ മാത്രമെ ഇതിന് ഈടാക്കുന്നുള്ളൂ. പരമാവധി 15 വർഷം വരെ തിരിച്ചടവ് കാലാവധി നൽകുന്നു.

24. തൊഴിലാളി, ഭാര്യ/ആശ്രിതരായ മക്കൾ എന്നിവരുടെ വിദഗ്ധ ചികിത്സയ്ക്ക് 5000/- വരെ സ്പെഷ്യൽ ഗ്രാന്റ് നൽകുന്നു. കൂടാതെ ഗുരുതര മായ കേസ്സുകളിൽ 10,000/- ക. വരെ ചികിത്സാ വായ്പയും (തൊഴിലാളി കൾക്ക് മാത്രം) നൽകിവരുന്നു.

25. രോഗം/അപകടംമൂലം കയറ്റിറക്ക് ജോലി ചെയ്യുന്നതിനുള്ള ശേഷി നഷ്ടപ്പെട്ടതായി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന കേസ്സുകളിൽ പ്രതിമാസം 150/ ക. വീതം ഇൻവാലിഡ് പെൻഷൻ തൊഴിലാളികൾക്ക് 1.5.1990 മുതൽ നടപ്പാക്കി വരുന്നു.

26. 1.6.97 മുതൽ നടപ്പാക്കിയ പെൻഷൻ ആന്റ് റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ് റെഗുലേഷൻ പ്രകാരം 60 വയസ്സിൽ റിട്ടയർ ചെയ്യുന്ന തൊഴിലാ ളിക്ക് കമ്മിറ്റി മുഖേന കൈപ്പറ്റിയ ശരാശരി മാസവേതനത്തിന്റെയും, സേവന ദൈർഘ്യത്തിന്റെയും അടിസ്ഥാനത്തിൽ ചുരുങ്ങിയത് 200/- ക. വീതവും, പര മാവധി 2400/- ക. വരെയും, മാസംതോറും റിട്ടയർമെന്റ് പെൻഷൻ നൽകിവ രുന്നു.

27. പെൻഷണർ മരണപ്പെടുന്ന കേസ്സിലും, ചുരുങ്ങിയത് 5 കൊല്ലം സർവ്വീസുള്ള തൊഴിലാളി മരണപ്പെടുന്ന പക്ഷവും പ്രതിമാസം റിട്ടയർമെന്റ് പെൻഷൻ സംഖ്യയുടെ പകുതിയോ, 100/-ക. യോ ഏതാണ് കൂടുതൽ ആയത് കുടുംബ പെൻഷൻ ആയി നൽകുന്നു. കൂടാതെ 15 വർഷത്തിലേറെ സർവ്വീസുള്ളവർക്ക് വർദ്ധിച്ച തോതിൽ പുതുക്കിയ ടെർമിനൽ ബെനിഫിറ്റ് നൽകും. 15/20 വർഷം സർവീസുള്ളവർക്ക് വോളന്ററി റിട്ടയർമെന്റ് വ്യവസ്ഥ കളും.

28. സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ ഒരു ആശ്രി തന് കമ്മിറ്റി തൊഴിൽ നൽകുന്നു.

അനുബന്ധം III

താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ

(1821) ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്താൻ പദ്ധതി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതികൾ ഏത് വർഷങ്ങളിലാണ് ആരംഭിച്ചത്; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് എന്തെങ്കിലും നിയമനിർമ്മാണ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്ത് നിയമനിർമ്മാണത്തിനായി നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ ഈ നടപടികൾ തുടർന്നു കൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഭൂജലവകുപ്പ് 1999-2000 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

1. ഭൂജലപര്യവേഷണവും വികസനവും.
2. ഭൂജലനിയന്ത്രണവും ക്രമീകരണവും.
3. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി
4. കേരളാ ഫെയിൽഡ്‌വെൽ കോംപൻസേഷൻ സ്കീം.
5. സാമൂഹ്യജലസേചന പദ്ധതി.
6. ഹൈഡ്രോളജി പ്രോജക്ട്.

(ബി) ഈ പദ്ധതികൾ ആരംഭിച്ച വർഷം ചെലവഴിച്ച തുക എന്നിവ അനുബന്ധമായി† ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. അസന്തുലിതവും അശാസ്ത്രീയവുമായ ഭൂജലവികസനം സൃഷ്ടിക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുകയും ലഭ്യമായ ഭൂജലം ശാസ്ത്രീയമായി വികസിപ്പിച്ച് കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്നു എന്ന ലക്ഷ്യത്തോടെ (ഭൂജലഉപയോഗം നിയന്ത്രണവും ക്രമീകരണവും) ഒരു ബിൽ പരിഗണനയിലാണ്. ഇതിന്റെ കരട് രൂപം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അയച്ച അഭിപ്രായങ്ങൾ ശേഖരിച്ചുവരികയാണ്. സുപ്രീംകോടതിയുടെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് നിയമനിർമ്മാണം കൊണ്ടുവരുന്നത്.

(ഡി) സ്വീകരിച്ചുവരുന്നു. ഈ നടപടികൾ തുടർന്നുകൊണ്ടുപോകാനാണ് പരിപാടിയിട്ടിരിക്കുന്നത്.

(1823) എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly